



# കേരളപാഠാവലി

## മലയാളം
## പരിസരപഠനം
## കലാവിദ്യാഭ്യാസം
## പ്രവൃത്തിപരിചയം
## ആരോഗ്യകായിക വിദ്യാഭ്യാസം

ഭാഗം - 2

## സ്റ്റാൻഡേർഡ് I

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്




തയ്യാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം

2024

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

1

കേരളപാഠാവലി
# മലയാളം

Prepared by
State Council of Educational Research and Training (SCERT)
Poojappura, Thiruvananthapuram 695012, Kerala
Website : www.scertkerala.gov.in, e-mail : scertkerala@gmail.com
Typeset and design by : SCERT
Printed at : KBPS, Kakkanad, Kochi-30
© Department of General Education, Government of Kerala

പ്രിയപ്പെട്ട കൂട്ടുകാരേ,

കഥകളും പാട്ടുകളും ചിത്രങ്ങളും നിറഞ്ഞ ഈ പുസ്തകം നിങ്ങൾക്ക് ഇഷ്ടപ്പെടും. അന്വേഷിക്കാനും കണ്ടെത്താനും അറിവ് നേടാനും പറ്റിയ ഒത്തിരി രസകരമായ പ്രവർത്തനങ്ങളും ഇതിലുണ്ട്. ഒപ്പം ഒരു പ്രവർത്തനപുസ്തകവും നിങ്ങൾക്കായി ഒരുക്കിയിട്ടുണ്ട്. പഠനത്തിലൂടെ സന്തോഷം ലഭിക്കുന്ന വിധമാണ് ഇതിലെ എല്ലാ പ്രവർത്തനങ്ങളും.

ഈ പുസ്തകം പഠിച്ചു കഴിയുമ്പോഴേക്കും എല്ലാ അക്ഷരങ്ങളും പരിചയപ്പെടാനും അവ ഉപയോഗിച്ച് ആത്മവിശ്വാസത്തോടെ വായിക്കാനും എഴുതാനും നിങ്ങൾക്ക് കഴിയും.

നിങ്ങൾക്കൊപ്പം സ്നേഹവും പിന്തുണയുമായി അധ്യാപകരും വിദ്യാലയവും രക്ഷിതാക്കളുമുണ്ട്.

ഒത്തുമുന്നേറാം, പഠിച്ചു മുന്നേറാം.

**ഡോ. ജയപ്രകാശ് ആർ. കെ.**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി. കേരളം



## പാഠപുസ്തക രചന
### ശില്പശാലയിൽ പങ്കെടുത്തവർ

**ഡോ. ടി പി കലാധരൻ**
റിട്ട. സീനിയർ ലക്ചറർ,
ഹരിത, മെഴുവേലി

**എം എം സചീന്ദ്രൻ**
ശ്രീദളം, കോഹിനൂർ പി ഒ
കാലിക്കറ്റ് യൂനിവേഴ്സിറ്റി

**എം എം സുരേന്ദ്രൻ**
റിട്ട. അധ്യാപകൻ
ഗവ. യു പി സ്കൂൾ, പുറച്ചേരി
പിലാത്തറ, കണ്ണൂർ

**റീജ ആർ എസ്**
ഗവ. എൽ പി എസ്
ചിതറ, ചടയമംഗലം, കൊല്ലം

**ടി കെ മനോജൻ**
അധ്യാപകൻ,
ഗവ. ഫിഷറീസ് എൽ പി സ്കൂൾ,
മടപ്പള്ളി, കോഴിക്കോട്

**സൈജ എസ്**
അധ്യാപിക, ഗവ. എൽ പി എസ്
കോയിപ്പാട്, കൊല്ലം

**ശ്രീലക്ഷ്മി ജി**
അധ്യാപിക, ഗവ. യു പി എസ്,
മണക്കാല, അടൂർ,
പത്തനംതിട്ട

**നീന കുര്യൻ**
അധ്യാപിക, ഗവ. എൽ.പി. സ്കൂൾ,
പായമ്പാടം, നിലമ്പൂർ, മലപ്പുറം

**ശ്രീനേഷ് പി**
അധ്യാപകൻ, പനങ്ങാട് നോർത്ത്
എ യു പി സ്കൂൾ, കോഴിക്കോട്

**അമ്പിളി എസ്**
അധ്യാപിക, എ എം എൽ പി സ്കൂൾ,
അറയ്ക്കൽ, പുള്ളിത്തറ,
മലപ്പുറം

**ഗണേഷ് വേലാണ്ടി**
ഹരിതം, കോട്ടയം, കണ്ണൂർ

**ഷിനോജ് രാജ്**
ഖ്യാതി, എരഞ്ഞിക്കൽ,
കോഴിക്കോട്

### ചിത്രരചന
നിഷ രവീന്ദ്രൻ മഞ്ചേരി, സീമ സി.ആർ പഞ്ചവർണം, പ്രേംകുമാർ കണ്ണോം,
സന്തോഷ് വെളിയന്നൂർ, അരുണ ആലഞ്ചേരി, രശ്മി രാഘവ്,
എൻ.പി അനൂപ് കൊടുമൺ, ജോളി സുധൻ

### കവർചിത്രം
വെങ്കി

### രൂപകല്പന
ശ്രീലേഷ് കുമാർ

### അക്കാദമിക് കോ ഓർഡിനേറ്റർ
**രാജേഷ് എസ് വള്ളിക്കോട്**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി. കേരളം

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

# ഉള്ളടക്കം


10 വീട് കെട്ടണം ടിയാ ടിയാ...........102

11. പച്ചക്കറിത്തോണി..........................112

12. പോം പോം വണ്ടി..........................122

13. തുമ്പിവിമാനങ്ങൾ..........................132

14. ആരുടെ കുപ്പായം..........................138

15. ഒത്തുപിടിച്ചാൽ..............................146

16. അദ്ഭുതപ്പൂത്തിരി...........................160

17. ബലൂണുകളുടെ ഉത്സവം............170




9



# വീട് കെട്ടണം ടിയാ ടിയാ

വീട് കെട്ടണം ടിയാ ടിയാ
പുല്ല് വെട്ടണം ടിയാ ടിയാ
തൂണ് നാട്ടണം ടിയാ ടിയാ
മോന്തായം കെട്ടണം ടിയാ ടിയാ
മണ്ണ് കിളയ്ക്കണം ടിയാ ടിയാ
മണ്ണ് കുഴയ്ക്കണം ടിയാ ടിയാ
തറ ഒരുക്കണം ടിയാ ടിയാ
ചുമര് കെട്ടണം ടിയാ ടിയാ
.......................................................

.......................................................

.......................................................

ക്രമത്തിലാക്കി ചൊല്ലൂ...



# കേക്ക് കൊണ്ടൊരു വീട്

പാടിപ്പറക്കുമ്പോൾ പൂങ്കിളി ആ കാഴ്ച കണ്ടു.
ഭംഗിയുള്ള ഒരു വീട്.
മുറ്റം നിറയെ മഞ്ചാടിമണികൾ.
ചുറ്റും പാറിക്കളിക്കുന്ന മിന്നാമിന്നിദീപങ്ങൾ.
ജനാലകളും വാതിലുകളും അലങ്കരിച്ചിട്ടുണ്ട്.
"ഇവിടെ എന്താ വിശേഷം?" പൂങ്കിളി ചോദിച്ചു
"ഇന്ന് എന്റെ പിറന്നാളാ." വീട് പറഞ്ഞു.
"നിനക്ക് ഹൃദയംനിറഞ്ഞ പിറന്നാളാശംസകൾ."
"താങ്ക്സ്."
"ആട്ടവും പാട്ടും എല്ലാമുണ്ട്.
പൂങ്കിളിയേ നീയും
പങ്കുചേരണേ?"
"തീർച്ചയായും."





ആദ്യം ഉറുമ്പുകൾ ജാഥയായി വന്നു.
ക്ഷണം കിട്ടിവന്ന മട്ടുണ്ട്.
"സ്വാഗതം, സ്വാഗതം." വീട് പറഞ്ഞു
ഉറുമ്പുകൾ അടിപൊളി സംഘഗാനം പാടി.
അതുവഴിയും ഇതുവഴിയും അകത്തു കയറി.

ചോണനുറുമ്പ് സോഫ നൊട്ടിനുണഞ്ഞു.
എന്താ സ്വാദ്!
നെയ്യുറുമ്പ് മേശ സ്വന്തമാക്കി.
എന്താ മധുരം!







"ഇതു വീടല്ല കേക്കാ."
"ഇതു കേക്കല്ല വീടാ."
"ഇത് കേക്കുവീടാ."

ആദ്യം പറന്ന് എത്തിയ മൈന
അടുക്കള കൊത്തി രുചിച്ചു.
സൂപ്പർ ഭക്ഷണം,
സൂപ്പർ സ്വാദ്!

മയിൽ കിടപ്പുമുറിയിലേക്ക് തല നീട്ടി.
മിഠായി കൊണ്ടുള്ള തലയണ വായിലാക്കി.
നല്ല മിഠായി, നല്ല സ്വാദ്!
എന്നിട്ട് മനോഹരമായി നൃത്തം വച്ചു.
കണ്ടവർക്കെല്ലാം

*.......................................................................

(*ആനന്ദം/ദു:ഖം/നിരാശ/വെറുപ്പ്)



മുന്നിലൂടെ നായ വന്നു.
പിന്നിലൂടെ പൂച്ച വന്നു.

പിൻഭാഗത്തുനിന്നും
പൂച്ച തിന്നുതുടങ്ങി.
ഹായ്! പഞ്ചാരമധുരം.




മുൻഭാഗത്തുനിന്നും
നായ തിന്നുതുടങ്ങി.
“ഹായ്! തേൻമധുരം”

“അകത്താളുണ്ടേ തിന്നല്ലേ തിന്നല്ലേ.”
ഉറുമ്പുകൾ ബഹളംവെച്ചു.
പുറത്തേക്ക് ചാടി.



അവ പൂച്ചയെ പൊതിഞ്ഞുകടിച്ചു.
കടിയുറുമ്പുകൾ
നായയുടെ മുഖത്ത് കയറി.
മുഖമാകെ കടിയോടുകടി.
മൂക്കിലും ചിലത് കയറി.



ആയ് ച്ഛീ... ആയ് ച്ഛീ...
നായ ഒറ്റത്തുമ്മൽ.
പൂച്ചയും നീട്ടിയൊറ്റത്തുമ്മൽ.
മേൽക്കൂര കുലുങ്ങി
കേക്കുവീട് ചിതറിത്തെറിച്ചു.

കേക്കുവീട്ടിൽ
എന്തെല്ലാം ഉണ്ടായിരുന്നു?

(മുറികൾ, ഉപകരണങ്ങൾ)

..............................................

..............................................

..............................................



എനിക്കിഷ്ടപ്പെട്ട വരികൾ

..........................................................................................

..........................................................................................







# അടുക്കളപ്പാട്ട്

അടുക്കിവയ്ക്കണം അടുക്കള
ഒതുക്കിവയ്ക്കണം അടുക്കള
അരച്ചിട്ടും പിന്നെ ചതച്ചിട്ടും
വറുത്തിട്ടും പിന്നെ പൊടിച്ചിട്ടും
കലക്കിയും പിന്നെ കുറുക്കിയും
തിളപ്പിച്ചും പിന്നെ ............................
...................... പിന്നെ ............................
അടുപ്പമുള്ളവരാകുവാൻ നമ്മൾ
അടുക്കളപ്പണി ചെയ്യണം.
അടുക്കിവയ്ക്കണം അടുക്കള, നമ്മൾ
ഒതുക്കിവയ്ക്കണം അടുക്കള





എന്തെല്ലാമാണ് അടുക്കളജോലികൾ?
ആർക്കൊക്കെ ചെയ്യാൻ പറ്റും? ✓ ഇടൂ

| അടുക്കളജോലികൾ | അച്ഛൻ | അമ്മ | ഞാൻ | | | |
|---|---|---|---|---|---|---|
| പാത്രം കഴുകൽ | | | | | | |
| നിലം തുടയ്ക്കൽ | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |





# പിറന്നാൾമധുരം

തെയ്യ തിന്തകത്തിന്താരാ. . .
തിന്തകത്തിന്തകത്തെയ്യാരാ. . .
വീടേ നിന്റെ പിറന്നാളിന്ന്
കൂടെയുള്ളവരാരെല്ലാം?
മിഠായിപ്പൊതി കെട്ടഴിയുമ്പോൾ
കൈ നീട്ടുന്നവരാരെല്ലാം?
വീട്ടിലുള്ളവരല്ലോ വീടിൻ
കൂട്ടുകാരായ് മാറുന്നു
അച്ഛനമ്മയനിയത്തി
ചേട്ടനനിയൻ ചേട്ടത്തി
പല്ലില്ലാത്തൊരു മുത്തശ്ശി
മിഠായിക്കായ് കൈ നീട്ടുന്നു



# എന്റെ വീട്ടിലുള്ളവർ

ചിത്രം വരയ്ക്കാം

ഓരോരുത്തരെയും പരിചയപ്പെടുത്താം

എന്റെ പേര്.........................................................................................

ഞാൻ ഒന്നാം ക്ലാസ്സിലാണ് ....................................

.....................................................................................................................

.....................................................................................................................

.....................................................................................................................

.....................................................................................................................

.....................................................................................................................

# പറഞ്ഞുകളിക്കാം എഴുതാം



| വീട്ടിൽ എന്തെല്ലാം ഉപകരണങ്ങൾ? | |
|---|---|
| ക | |
| ച | |
| ട | |
| ത | |
| പ | |
| ഇഷ്ടമുള്ള അക്ഷരമെഴുതി അതിൽ തുടങ്ങുന്ന ഉപകരണങ്ങളുടെ പേരുകൾ എഴുതുക | |
| | |
| | |
| | |
| | |
| | |







ആയീ ഠായീ ..................

തിന്നുമ്പോഴെന്തിഷ്ടായി

............................ കഷ്ടായി



# 10 പച്ചക്കറിത്തോണി

കിടന്നു കിടന്നു മടുത്തു.
മത്തങ്ങ നാടു കാണാനിറങ്ങി.
എങ്ങോട്ടാ?
പൗഡറും പൂശി വഴിയരികിൽ നിന്ന
കുമ്പളങ്ങ ചോദിച്ചു.



സവാരിക്കിറങ്ങിയതാ.
നാടൊന്നു ചുറ്റണം.
ഞാനും വരുന്നു.
രണ്ടുപേരും
കൈകോർത്തു.
അവർ നടന്നു.
അതാ, കുത്തനെ
ഒരു ഇറക്കം!
അയ്യോ!
കാലുതെറ്റുന്നേ,
പിടിക്കണേ
പിടിക്കണേ

രണ്ടുപേരുടെയും നില തെറ്റി.
ഉരുണ്ടുരുണ്ട് താഴോട്ട്.
സഹായിക്കാൻ കൈനീട്ടിയ ചേനയും
പടവലവും തക്കാളിയുമെല്ലാം കാലിടറി വീണു.

ഡും ഡും ഡും ..................

ഡുണ്ടും ഡുണ്ടും ഡും ..................

ഉരുണ്ടുരുണ്ട് എല്ലാവരും ചെന്നു വീണതോ പുഴയിൽ!

**കഥയിൽനിന്ന് ചോദ്യങ്ങളുണ്ടാക്കിപ്പറയാമോ?**

1. മത്തങ്ങയും കുമ്പളങ്ങയും വീഴാൻ കാരണമെന്താണ്?

2. ..........................................................................................................

..........................................................................................................

3. ..........................................................................................................

..........................................................................................................



# പാട്ടരങ്ങ്

മത്തൻ, ചേന, കുമ്പളങ്ങ
തിത്തിത്താരാ തിത്തിത്തൈ
വെണ്ട, ചീര, വെള്ളരിക്ക
തിത്തിത്താരാ തിത്തിത്തൈ
മത്തൻ, ചേന, കുമ്പളങ്ങ,
വെണ്ട, ചീര, വെള്ളരിക്ക,
നേന്ത്രക്കായ, പടവലം, മുരിങ്ങക്കായ
ഓ തിത്തിത്താരാ തിത്തിത്തൈ
തിത്തൈ തക തെയ് തെയ് തോം
വെളുത്തുള്ളി, ചുവന്നുള്ളി
കറിവേപ്പും മല്ലിച്ചപ്പും
ഇഞ്ചി, പച്ചമുളകുകൾ നിരന്നു നിന്നു
പച്ചക്കറിത്തോണിയേറി
പച്ചക്കറിത്തുഴയേന്തി
പച്ചക്കറിപ്പാട്ടും പാടി വരുന്നു ഞങ്ങൾ
ഓ തിത്തിത്താരാ ............................
.................................................... തോം



| പാട്ടിലുള്ള പച്ചക്കറികൾ | അറിയാവുന്ന മറ്റു പച്ചക്കറികൾ |
|---|---|
| | |

**പച്ചക്കറികളുടെ ഉപയോഗമനുസരിച്ച് തരംതിരിക്കാം**

| ഇലകൾ | കായകൾ | മറ്റു ഭാഗങ്ങൾ |
|---|---|---|
| ചീരയില | | വാഴക്കൂമ്പ് |
| | മുരിങ്ങക്കായ | വാഴപ്പിണ്ടി |
| | | |
| | | |

**കടങ്കഥകൾ**

അടി പാറ
നടു വടി
തല കാട്
.........................

കയ്യുണ്ട് കാഞ്ഞിരമല്ല
മുള്ളുണ്ട് മുരിക്കല്ല
വാലുണ്ട് വാനരനല്ല
....................................

മണ്ണിന്നുള്ളിൽ
പൊന്നമ്മ
...............................



നന്ദിതയുടെ ഡയറി



3-2-2024

ഇന്ന് സ്കൂൾ അവധിയാണ്. അത് കൊണ്ട് ഞാനും അമ്മയും കൂടി കൃഷിത്തോട്ടത്തിൽ പോയി. അവിടെ മുളക്ക് ചെടിയും പയറുചെടിയും വെണ്ടയും ഉണ്ട്. ഞാൻ അതിനെല്ലാം വെള്ളം ഒഴിച്ചു. പുഴു തിന്നുന്ന ഇലകൾ എല്ലാം ഞാൻ പറിച്ചു കളഞ്ഞു. പുഴു വരാതിരിക്കാൻ എല്ലാത്തിനും അമ്മ മരുന്ന് അടിച്ചു.

നന്ദിത എം എസ്
ജി എൽ പി എസ്, കിഴക്കമ്പലം
കോലഞ്ചേരി, എറണാകുളം

**കൃഷിപാഠം**

നന്ദിതമോളുടെ ഡയറി വായിച്ചല്ലോ?
നിങ്ങൾ പച്ചക്കറി കൃഷി ചെയ്യാൻ പഠിച്ചോ?
കൃഷി രീതിയെക്കുറിച്ച് എഴുതാമോ?

..............................................................................................................

..............................................................................................................

..............................................................................................................

# വിരിപ്പുകൃഷി

ഈറ്റ വെട്ടി കാടു വെട്ടി
പൊതക്കാട്ടിൽ തീയെരിച്ച്
വിരിപ്പിടം തീയെരിച്ച്
അമ്മ വിളിച്ചു
അച്ഛൻ വിളിച്ചു
വീട്ടുകാരും നാട്ടുകാരും
ഊരാകെ ഒത്തുവിളിച്ചു
ചീരവിത്തേ, ചോളവിത്തേ
കടുക്, തുവര, അമരവിത്തേ,
ചാമവിത്തേ, വരകുവിത്തേ,
നെല്ല്, വെള്ളരി, മത്തൻവിത്തേ..
പുതുമഴയിൽ കൺതുറന്ന്
പൂവിരിഞ്ഞ്.. കായ ചാഞ്ഞ്
എന്നുമെന്നും വിളവുകാലം..
എന്നുമെന്നും വിളവുകാലം

നിങ്ങൾ കണ്ടിട്ടുള്ള വിത്തുകൾ
പാട്ടിലുണ്ടോ? ✓ അടയാളം നൽകൂ



# ബൈ ബൈ കുറോ,
# ബൈ ബൈ ഡ്രോൺ



റോഡിന്റെ വശം ചേർന്ന് ഒരു കുട്ടിറോബോട്ട് നടന്നുവരുന്നു.
കുറേ കുട്ടികൾ കുട്ടിറോബോട്ടിന്റെ അടുത്തേക്ക്
നടന്നു ചെല്ലുന്നു.

കുട്ടികൾ : നിന്റെ പേരെന്താണ്?

കുട്ടിറോബോട്ട് : കുറോ

കുട്ടികൾ : കൊള്ളാം. നല്ല പേര്, നീ കളിക്കാൻ കൂടുന്നോ?

കുറോ : ഞാൻ റെഡി.

കുറോയും കുട്ടികളും പന്തുകളിക്കുന്നു.



..............................................................................

..............................................................................

..............................................................................

..............................................................................

..............................................................................








നാളുകൾക്കു ശേഷം

വിളഞ്ഞുകിടക്കുന്ന പാടത്തിന്റെ കരയിൽ ഡ്രോണും കുറോയും നായക്കുട്ടികളും സംസാരിക്കുകയാണ്. അപ്പോൾ കുട്ടികൾ വന്നു.

കുട്ടികൾ : ഹായ് കുറോ, സുഖമാണോ?

കുറോ : ഹായ്, സ്നേഹിതരേ നിങ്ങൾക്കും ................................?

കുട്ടികൾ : എന്തിനാ കുറോ ഞങ്ങളെ വിളിച്ചത്

കുറോ : ദേ കണ്ടോ ഞങ്ങൾ കൃഷി ചെയ്തതാ ഇത്

കുട്ടികൾ : നല്ല വിളവുണ്ടല്ലോ

കുറോ : ഈ വിളവെല്ലാം നിങ്ങൾക്ക് തരാനാ ഞങ്ങളുടെ തീരുമാനം. പക്ഷേ, ഒരു കാര്യം.

കുട്ടികൾ : എന്താ കുറോ?

ഡ്രോൺ : വിളവ് എല്ലാവരും തുല്യമായി ഭാഗിച്ചെടുക്കണം.

കുറോ : ഈ നായകൾക്ക് എന്നും ഭക്ഷണം കൊടുക്കണം.

കുട്ടികൾ : സമ്മതം.

കുറോ : ബൈ ബൈ

നായകൾ : ബൈ ബൈ കുറോ, ബൈ ബൈ ഡ്രോൺ

ഡ്രോണിനൊരു കത്ത്

പ്രിയപ്പെട്ട......................

# 11 പോം പോം വണ്ടി

കാട്ടിലൊരു വണ്ടി
പോം  പോം പോം പോം വണ്ടി
വലിയ വണ്ടി വയറുള്ള വണ്ടി
കറുത്ത വണ്ടി കണ്ണുള്ള വണ്ടി

..........................................................................

..........................................................................






വണ്ടി ഉന്ത് ഐലസ
പോം പോം വണ്ടി ഐലസ





ടയർ ഉരുട്ട്
ഐലസ
ഒത്തു പിടിച്ചോ
..........................
ഐലസമാലാ
..........................

വണ്ടി മുരണ്ടു വണ്ടി ഉരുണ്ടു
ഝടുഗുഡു ഝടുഗുഡു
..........................ഝടുഗുഡു
പോം പോം ..........................

വണ്ടിക്കെന്തൊരു ചേല്
വണ്ടിക്കെന്തൊരു സ്പീഡ്






കട കട കട കട കാളവണ്ടി

കിണി കിണി കിണി കിണി ..................................

പോം പോം പോം പോം ......................................

ഝുക് ഝുക് .................. .................... തീവണ്ടി

ഓടും വണ്ടി ഒഴുകും വണ്ടി

പായും വണ്ടി പറക്കും വണ്ടി

ചീറും വണ്ടി ചിറകുള്ള വണ്ടി



## വാഹനങ്ങളെ തരം തിരിക്കാം



| കരയിലൂടെ | വെള്ളത്തിലൂടെ | ആകാശത്തിലൂടെ |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |

## ഞാനും വാഹനവും

| ഞാൻ കണ്ടവ | കയറിയവ | കയറാത്തവ |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |



## ചിത്രം വരയ്ക്കാം

എനിക്കിഷ്ടപ്പെട്ട വാഹനം

**ആ വാഹനത്തെക്കുറിച്ച് എനിക്ക് പറയാനുള്ളത്**

.............................................................................................................

.............................................................................................................

.............................................................................................................

.............................................................................................................

# കഥ പറയാം, എഴുതാം




**പിന്നീട് എന്തുണ്ടായി? കഥ എഴുതൂ**

..........................................................................................................................

..........................................................................................................................

..........................................................................................................................

..........................................................................................................................

..........................................................................................................................

..........................................................................................................................

..........................................................................................................................



അവർ കണ്ട കാഴ്ചകൾ
എന്തൊക്കെയായിരിക്കും? എഴുതൂ

..............................................................

..............................................................

..............................................................

..............................................................

..............................................................

..............................................................

..............................................................



# കണ്ടെത്താം എഴുതാം വരയ്ക്കാം

അറകളുണ്ട് മുറികളുണ്ട് നീളമുള്ള വണ്ടി
ചൂളമുണ്ട് പാളമുണ്ട് ചീറിവരും വണ്ടി

..............................................................







എന്റെ വക

..............................................................................................

..............................................................................................

..............................................................................................



ഞങ്ങൾ ആരൊക്കെ?
എഞ്ചിനുമില്ല പുകയുമില്ല
പെട്രോളും വേണ്ട ഡീസലും വേണ്ട

.............................. .............................. ..............................

.............................. .............................. ..............................

## കളിവണ്ടി നിർമ്മിക്കാം



ഞാൻ കളിവണ്ടി ഉണ്ടാക്കിയ രീതി

..........................................................................................

..........................................................................................

..........................................................................................

..........................................................................................

# 12 തുമ്പിവിമാനങ്ങൾ



സൂചിത്തുമ്പി പറന്നുവന്നു,
അതിന്റെ കാലുകളിൽ
ഒരു കൊതുകിനെ
ഇറുക്കിപ്പിടിച്ചിരുന്നു.



കുളക്കരയിലെ
ഇലത്താവളത്തിൽ
ഹെലികോപ്ടർ പോലെ
സൂചിത്തുമ്പി പറന്നിറങ്ങി.
എന്നിട്ട് കൊതുകിനെ
ഉത്സാഹത്തോടെ
തിന്നാൻ തുടങ്ങി.
അപ്പോൾ ഒരു ശബ്ദം!
ഡ്രും ഡ്രും ഡ്രും



അതാ മറ്റൊരു തുമ്പിവിമാനം!
കല്ലൻതുമ്പിയാണ് വരുന്നത്.
കല്ലൻതുമ്പിയുടെ ചിറകു തട്ടി
സൂചിത്തുമ്പിയുടെ
കാലിൽനിന്ന്
കൊതുക് തെറിച്ചുപോയി.



എന്റെ തീറ്റ തട്ടിത്തെറിപ്പിച്ചോ?
സൂചിത്തുമ്പിക്ക് ദേഷ്യം വന്നു,
അത് ഫോണെടുത്തു വിളിച്ചു.
"ഹലോ ഹലോ കടുവത്തുമ്പിയല്ലേ.
സഹായിക്കണം"





മഞ്ഞ യൂണിഫോമിട്ട കടുവത്തുമ്പി
പാറിവന്നു. ഡ്രും ഡ്രും. .................. ..................

കല്ലൻതുമ്പിയുടെ പിറകേ പാഞ്ഞു.

ഡ്രും ഡ്രും. .................. ..................

സൂചിത്തുമ്പിയും പിറകേ പോയി.

ഡ്രും ഡ്രും .................. ..................

പറന്നുചെന്ന കടുവത്തുമ്പി
വടിവാലുകൊണ്ട് ഒറ്റയടി.
കല്ലൻതുമ്പി ഒഴിഞ്ഞുപാറി.
ഊഞ്ഞാൽവള്ളിയിൽ തട്ടി
വടിവാൽ ഒടിഞ്ഞുതൂങ്ങി.





ഹോസ്പിറ്റലിൽ പോയി
പ്ലാസ്റ്ററിട്ട വാലുമായി
കടുവത്തുമ്പി
കുളക്കരയിലൂടെ
പോകുകയാണ്.









അപ്പോൾ കുളത്തിൽ ഒരിളക്കം.
മത്സ്യങ്ങളാണോ? അല്ലല്ലോ. അതാ, വെള്ളത്തിൽ കുറേ
കൊതുകുതീനിത്തുമ്പികൾ. സൂചിത്തുമ്പിയും മക്കളുമാണ്.
അവ മത്സരിച്ച് കൂത്താടികളെ ഭക്ഷിക്കുകയാണ്.
കടുവത്തുമ്പിയെ കണ്ട സൂചിത്തുമ്പി പറഞ്ഞു "സോറി."

ചിത്രങ്ങൾ നോക്കൂ.
ഈ രണ്ട് രംഗങ്ങൾ ചേർത്ത്
കഥ പറയാമോ



കടുവത്തുമ്പി ഒരിലയിൽ വീണു.
അതിന്റെ നിലവിളി ആരും കേട്ടില്ല.



കടുവത്തുമ്പിയുടെ വീഴ്ച താഴെ നിന്ന ഉറുമ്പുകൾ കണ്ടു. ആ കാഴ്ച കണ്ട അവർ പറഞ്ഞത് എന്തായിരിക്കും?

## ഓന്ത് മുട്ടയിടുമോ?

ഒക്ടോബർ - 27

വെള്ളി

ഡയറി

എന്റെ വീട്ടിലെ ചെടിയുടെ താഴെ ഓന്തിനെകണ്ടു. ഞാൻ അതിനെ കുറച്ചു സമയം നോക്കി. അപ്പോൾ ഓന്ത് കുഴി ഉണ്ടാക്കുന്നു. ഞാൻ അമ്മയോട് പറഞ്ഞു. അമ്മ പറഞ്ഞു അതിനെ ഒന്നും ചെയ്യരുത്. കുറെ കഴിഞ്ഞ് നോക്കുമ്പോൾ കുഴിയിൽ കുറെമുട്ട. പിന്നെ ഓന്ത് തന്നെ കുഴിയിലേക്ക് മണ്ണ് നിറച്ചു. അതിനു ശേഷം ഓന്തിനെ കാണുന്നില്ല.



ആദിദേവ്
(എസ് വി യു പി സ്കൂൾ
മുത്തത്തി, പയ്യന്നൂർ)

## എന്റെ ഡയറി

ഏതെങ്കിലും ഒരു മത്സ്യത്തെ നിരീക്ഷിച്ച് അറിഞ്ഞ കാര്യങ്ങൾ ഡയറിയായി എഴുതൂ.

**ചെറുജീവികൾ**

| ഇനം | പേര് |
|---|---|
| കാലില്ലാത്തവ | |
| നാല് കാലുള്ളവ | |
| ആറ് കാലുള്ളവ | |
| എട്ട് കാലുള്ളവ | |
| ഒത്തിരി കാലുകൾ ഉള്ളവ | |



## പാടി രസിക്കാം

**കുഞ്ഞറകൾക്കുള്ളിൽ**

നൂറുനൂറ് കുഞ്ഞറകൾ മണ്ണിലുണ്ടേ
കുഞ്ഞറകൾക്കുള്ളിലുണ്ട് കുഞ്ഞുറുമ്പുകൾ
മണ്ണിലുള്ള കുഞ്ഞറകൾക്കുള്ളിൽനിന്നും
വരിവരിയായ് പോകുന്നു കുഞ്ഞുറുമ്പുകൾ
മണ്ണിലുള്ള കുഞ്ഞറകൾക്കുള്ളിൽനിന്നും
വരിവരിയായ് അരി തേടിപ്പോകുന്നു കുഞ്ഞുറുമ്പുകൾ
മണ്ണിലുള്ള കുഞ്ഞറകൾക്കുള്ളിൽ നിന്നും
............................................... തേടിപ്പോകുന്നു കുഞ്ഞുറുമ്പുകൾ

വരിവരിയായ് തിരികെ വരും കുഞ്ഞുറുമ്പുകൾ
അരിമണികൾ പേറിവരും കുഞ്ഞുറുമ്പുകൾ
മണ്ണറകൾക്കുള്ളിലുള്ള കുഞ്ഞറകൾക്കുള്ളിലുണ്ട്
കുഞ്ഞുകുഞ്ഞു ജീവിതങ്ങൾ കുഞ്ഞുറുമ്പുകൾ







13

# ആരുടെ കുപ്പായം?

തെക്കൻകാറ്റിൽ പാറിവരുന്നു
ദിക്കറിയാതൊരു കുപ്പായം
വെളുവെളുത്തൊരു കുപ്പായം
പതുപതുത്തൊരു കുപ്പായം
ചെറിയോരു ധരിക്കുമ്പോൾ
ചെറുതാകും കുപ്പായം
വലിയോരു ധരിക്കുമ്പോൾ
വലുതാകും കുപ്പായം
ചെളി പറ്റാത്തൊരു കുപ്പായം
പൊടി പറ്റാത്തൊരു കുപ്പായം
ആരുതുന്നിയ കുപ്പായം?
ആരുടെയാണീ കുപ്പായം







തണുതണുക്കും കാലത്ത്
കമ്പിളിയാകും കുപ്പായം
ചുടുചുടുന്നൊരു കാലത്ത്
നേരിയതാകും കുപ്പായം
മഴ പെയ്യണ കാലത്ത്
കുടപിടിക്കും കുപ്പായം
ആരുതുന്നിയ കുപ്പായം?
ആരുടെയാണീ കുപ്പായം?

കുട്ടികളൊന്നായ് കൂടുന്നു
കുട്ടികളൊന്നായ് പാടുന്നു
ഞങ്ങടെയാണീ കുപ്പായം
ഞങ്ങടെയാണീ കുപ്പായം
ഞങ്ങടെയാണീ കുപ്പായം ഞങ്ങ -
ളെല്ലാവർക്കും കുപ്പായം

ഏതെല്ലാം വസ്ത്രങ്ങൾ കണ്ടിട്ടുണ്ട്?
പറഞ്ഞുനോക്കൂ.



# ഒത്തിരി ഇഷ്ടം

സ്കൂൾ വിട്ടുവന്ന ലതിക വേഗം നടന്നു.
കടപ്പുറത്തെത്തണം.
സോഫിയേച്ചിയെ കാണണം.
കുറേ മത്സ്യം വിറ്റ് സഹായിക്കണം.
“മോളേ ലതികേ,”
സോഫിയേച്ചി വിളിച്ചു. ശബ്ദം കേട്ട്
ലതിക ഓടിച്ചെന്നു. കുറേ മത്സ്യം വാങ്ങി.
അടുത്തുള്ള ഹോട്ടലിൽ കൊടുത്തു.
കിട്ടിയ പണം സോഫിയേച്ചിക്ക് കൊടുത്തു.
സന്ധ്യയാകുംമുമ്പ് രണ്ടുപേരും മടങ്ങി.
വരുന്ന വഴി സോഫിയേച്ചി
*...............................ശാലയിൽ കയറി മരുന്നു വാങ്ങി.

വീട്ടിലെത്തിയപ്പോൾ അമ്മ പറഞ്ഞു
“നാളെ പെരുന്നാളല്ലേ?
മോളേ, ഇതാ നിനക്കൊരു ഉടുപ്പ്.”
“വേണ്ടായിരുന്നമ്മേ.”
“സാരമില്ല മോളേ."

(*ഔഷധശാല, പാഠശാല, സിനിമാശാല, നാടകശാല)





...................... ആ ഉടുപ്പുമായി പുറത്തേക്കിറങ്ങി.
“എന്താ ഇത്ര ധൃതി?” ഉടുപ്പ് ചോദിച്ചു
“നിന്നെ ഒരിടത്തെത്തിക്കാനാ,”
“അതെന്താ എന്നെ ഇഷ്ടമായില്ലേ?”
“ഒത്തിരി .................... അതുകൊണ്ടാ.”

...................... സോഫിയേച്ചിയുടെ വീട്ടിലെത്തി.
എന്തൊരു വൃത്തി! അവൾ മനസ്സിൽ പറഞ്ഞു.
തിണ്ണയിൽ ആ ഉടുപ്പ് മടക്കി വെച്ചു.
“സോഫിയേച്ചീ, ദേ ജിയക്കൊരു സ്നേഹസമ്മാനം
ഇവിടെ വച്ചിട്ടുണ്ട്.”
അവൾ ഉടുപ്പിനോട് ................ വീശി.
ഉടുപ്പും കൈ വീശി.
ഒപ്പം സോഫിയേച്ചിയും
ചിരിച്ചുകൊണ്ട് കൈ വീശി.

**കണ്ടെത്തൂ**
ഈ കഥയിലെ
ഇഷ്ടപ്പെട്ട ഭാഗം ഏതാണ്?
ആ വരികൾക്കെല്ലാം
അടിവരയിടൂ.







സോഫിയേച്ചിയുടെ വീടിന് നല്ല വൃത്തി

വീടിനും വീട്ടുകാർക്കും ............. വേണ്ടേ?

എന്തെല്ലാമാണ് വൃത്തിയുള്ള വീടാകാൻ വേണ്ടത്?

കൂട്ടുകാരുമായി ആലോചിച്ച് എഴുതൂ.

വീടിന് വൃത്തി

..................................................................

..................................................................

..................................................................

..................................................................

വീട്ടുകാർക്ക് വൃത്തി

..................................................................

..................................................................

..................................................................

..................................................................





## വസ്ത്രം വരച്ച് നിറം നൽകാം

## യൂണിഫോം ധരിക്കുന്നവർ ആരെല്ലാം?

പോലീസുകാർ .............................................. .....................................

.......................................... ...................................... .......................................

......................................... ........................................ ........................................



**സാങ്കല്പികഡയറി**

ലൂതിക അന്ന് ഡയറി എഴുതിയാൽ

(ചുവടെയുള്ള ചിത്രത്തിലെ കാര്യങ്ങൾ കൂടി ഉൾപ്പെടുത്തണേ)





# കുപ്പായം

പുലരിക്കുണ്ടൊരു കുപ്പായം
പൂമാനക്കുപ്പായം
അന്തിക്കുണ്ടൊരു കുപ്പായം
ചെഞ്ചായക്കുപ്പായം
രാവിന്നുണ്ടൊരു കുപ്പായം
പൂക്കൾ തുന്നിയ കുപ്പായം
പകലിന്നുണ്ടൊരു കുപ്പായം

...........................................................

വസ്ത്രവുമായി ബന്ധപ്പെട്ട വാക്കുകൾ എഴുതാം

| | | |
|---|---|---|
| • നൂല് | • സോപ്പ് | • തയ്യൽക്കട |
| • ബട്ടൺസ് | • ......................... | • ......................... |
| • .................. | • ......................... | • ......................... |
| • .................. | • ......................... | • ......................... |






# ഒത്തുപിടിച്ചാൽ

കാടിന് തീ പിടിച്ചു.
മൃഗങ്ങളായ മൃഗങ്ങളെല്ലാം ഭയന്നുവിറച്ചു.
അവർ ജീവനുവേണ്ടി പരക്കം പാഞ്ഞു.
"അയ്യോ രക്ഷിക്കണേ." സുന്ദരിക്കിളി ഉറക്കെ കരഞ്ഞു.
കൂട്ടിൽ മൂന്നു മുട്ടകളുണ്ട്.
അവ ഇന്നോ നാളെയോ വിരിയും.
എന്റെ പൊന്നോമനകൾക്ക് എന്തെങ്കിലും സംഭവിച്ചാൽ...
അവൾക്കത് ഓർക്കാനേ കഴിഞ്ഞില്ല.
എന്തെങ്കിലും ചെയ്തേ പറ്റൂ.





സുന്ദരിക്കിളി
അടുത്തുള്ള
അരുവിയിലേക്ക്
പറന്നു.
കുഞ്ഞിക്കൊക്കിൽ
വെള്ളം കൊണ്ടുവന്ന്
കാട്ടുതീയിലേക്ക്
ഒഴിച്ചു.

അവൾ വീണ്ടും വീണ്ടും അങ്ങനെ ചെയ്തുകൊണ്ടേയിരുന്നു.
അവളുടെ പ്രയത്നം കണ്ട മൂങ്ങ പറഞ്ഞു.
വിഡ്ഢീ, ഇങ്ങനെ വെള്ളം ഒഴിച്ചതുകൊണ്ട് തീ കെടുമോ?
വേഗം രക്ഷപ്പെടാൻ നോക്ക്.

അഗ്നി ആളിപ്പടരുകയാണ്.

അപ്പോൾ സുന്ദരിക്കിളി പറഞ്ഞു
ഈ കാടാണ്
എനിക്ക് അഭയം തന്നത്.
കാട് എനിക്ക് അമ്മയാണ്.
എന്നാലാവത്
ഞാൻ ചെയ്യുന്നു





സുന്ദരിക്കിളി പറയുന്നതിൽ കാര്യമുണ്ടെന്ന് മൂങ്ങയ്ക്ക് തോന്നി. മൂങ്ങയും അവളോടൊപ്പം ചേർന്നു. കൂട്ടുകാരും ഒപ്പം കൂടി. അവർ തീ കെടുത്താൻ ശ്രമിച്ചു. വവ്വാൽ ഈ വാർത്ത കാട്ടിലെങ്ങും പരത്തി.

അവർ എന്തൊക്കെ ചെയ്തിട്ടുണ്ടാകും?

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................





ഇതു കണ്ട ആനക്കൂട്ടം ഓടിവന്നു. അവർ തുമ്പിക്കൈയിൽ
വെള്ളം കൊണ്ടുവന്ന് തീയിലേക്ക് ചീറ്റി.
കുരങ്ങുകൾ ഇലക്കുമ്പിളിൽ വെള്ളം കോരിയൊഴിച്ചു.
മുയലും ജിറാഫും പുലിയും ഓടിവന്ന് സഹായിച്ചു



തീ അണഞ്ഞു. എല്ലാവർക്കും ആശ്വാസമായി.
ഇനി മഴ പെയ്യണം. അപ്പോൾ കരിഞ്ഞ കാടെല്ലാം
വീണ്ടും തളിർക്കും സുന്ദരിക്കിളി പറഞ്ഞു.
നിറയെ മരങ്ങളും പഴങ്ങളും ചെടികളും
പൂക്കളുമുള്ള ഒരു കാടാവും അത്.
ഒരു മരച്ചില്ലയിലെ കൂട്ടിലിരുന്ന് തന്റെ കുഞ്ഞുങ്ങളെ
ലാളിക്കുന്നത് സുന്ദരിക്കിളി സ്വപ്നം കണ്ടു..

**ഉത്തരം കണ്ടെത്താമോ?**

സുന്ദരിക്കിളി വിഡ്ഢിയായിരുന്നോ? നിങ്ങൾ എന്തു പറയുന്നു?



മൂങ്ങ തന്റെ തീരുമാനം മാറ്റാൻ കാരണമെന്ത്?



ഈ കഥ നിങ്ങൾക്കിഷ്ടപ്പെട്ടോ? കഥയെക്കുറിച്ച് നിങ്ങൾ എന്തെല്ലാം പറയും? എഴുതും?



# കാട്

മഴ ചാറിപ്പെയ്തു തുടങ്ങി
ചാറിപ്പെയ്തു കനത്തു തുടങ്ങി
പെരുമഴയിൽ നനഞ്ഞുകുളിച്ച്
കാടിൻ ഉള്ളു തണുത്തുതുടങ്ങി
കാട്ടാറുകൾ പൊട്ടിച്ചിതറി
കരിമൂടിയ ചില്ല തളിർത്തു
തളിരുകളിൽ മൊട്ടു കിളിർത്തു
കാടാകെ പൂത്തുവിരിഞ്ഞു
കാടിവളൊരു കൊച്ചുമിടുക്കി
നാടിന്റെ കളിത്തോഴി.


നിറം നൽകൂ
കഥയെഴുതൂ



**സംഭാഷണം എഴുതാമോ?**

എന്തോ കത്തിക്കരിഞ്ഞ മണം. ഗുഹയിൽ ഉറക്കമായിരുന്ന സിംഹം പുറത്തേക്കിറങ്ങി. സിംഹം മണം പിടിച്ചു. എന്തോ സംഭവിച്ചിട്ടുണ്ട്. അപ്പോഴാണ് സുന്ദരിക്കിളി അതുവഴി വന്നത്.

സുന്ദരിക്കിളി : ഹേയ് സിംഹമേ നിങ്ങൾ ഒന്നും അറിഞ്ഞില്ലേ? ഗുഹയിൽക്കിടന്ന് സ്വപ്നം കാണുകയായിരുന്നോ?

സിംഹം : ഞാനൊന്നു മയങ്ങിപ്പോയി. എന്താ ഒരു മണം? എന്താ സംഭവിച്ചത്?

സുന്ദരിക്കിളി : ..............................................................................

..............................................................................

സിംഹം : ..............................................................................

..............................................................................

സുന്ദരിക്കിളി : ..............................................................................

..............................................................................

സിംഹം : ..............................................................................

..............................................................................

## നാടകം കളിക്കാം

ഒത്തുപിടിച്ചാൽ എന്ന കഥയിലെ സന്ദർഭങ്ങൾ കണ്ടെത്തി നാടകം കളിച്ചാലോ?

- തീ പിടിച്ച കാട്
- പേടിച്ചോടുന്ന മൃഗങ്ങൾ
- വെള്ളം കോരി തീ കെടുത്താൻ ശ്രമിക്കുന്ന സുന്ദരിക്കിളി
- ..........................................
- ..........................................
- ..........................................



നാടകത്തിന് മറ്റെന്തൊക്കെ വേണം

- മുഖം മൂടികൾ
- വേഷം
- ....................................
- ....................................

കളിച്ച നാടകത്തെക്കുറിച്ച്
എനിക്ക് പറയാനുള്ളത്



..................................................................................................

..................................................................................................

..................................................................................................

പൂരിപ്പിക്കാമോ?

മരമില്ലെങ്കിൽ കാടില്ല
കാടില്ലെങ്കിൽ മഴയില്ല
മഴയില്ലെങ്കിൽ ജലമില്ല
ജലമില്ലെങ്കിൽ...................

**ജീവികൾ പറയുന്നത്**



ഞങ്ങൾ കാട്ടിലാണ്
താമസിക്കുന്നത്.
ഞങ്ങൾക്കുവേണ്ട ആഹാരം
ഈ കാട്ടിൽനിന്നു ലഭിക്കും
കാട്ടിൽ ഒരു അരുവിയുണ്ട്.
കുടിക്കാനും കുളിക്കാനുമുള്ള
വെള്ളം ആ അരുവിയിലുണ്ട്



ഞങ്ങൾക്ക് ആശ്രയം
ഈ കാടാണ്.
ഞങ്ങൾ പല തരക്കാരുണ്ട്
കാട്ടുപൂക്കളിൽനിന്നാണ്
ഞങ്ങൾ തേൻ ശേഖരിക്കുന്നത്.
വലിയ മരത്തിലാണ്
കൂട് വയ്ക്കുന്നത്.



തത്ത പറഞ്ഞത്

.................................................................................................

.................................................................................................

.................................................................................................

.................................................................................................

.................................................................................................

.................................................................................................

.................................................................................................

.................................................................................................



ഒരു വലിയ മരം നിരീക്ഷിക്കൂ.
ഏതെല്ലാം ജീവികളാണ് മരത്തിലുള്ളത്?
നിങ്ങൾ കണ്ട മരത്തിലെ ജീവികളെ
ചിത്രത്തിൽ വരച്ചുചേർക്കൂ.
മരത്തിലെ ജിവികളുടെ പേരെഴുതൂ.
അവയ്ക്ക് മരംകൊണ്ടുള്ള പ്രയോജനങ്ങളും



കൊച്ചുകരങ്ങൾ മരം നട്ടാൽ
പച്ചപുതയ്ക്കും മലയാളം

# 15 അദ്ഭുതപ്പൂത്തിരി

ഔമി മധുരമായി പാടി

“തിരകളിലൂന്നിക്കുതിച്ചു ചാടി
തിരകളെ നോക്കാറുണ്ടോ?
നീലവാനം, നിറമേഘങ്ങൾ,
വെയിലൊളി കണ്ടിട്ടുണ്ടോ?
കടലലമേലെ തുള്ളിച്ചാടി
കരയെ കണ്ടിട്ടുണ്ടോ?”

പാട്ടുകേട്ട് നാലുപാടുനിന്നും ഒത്തിരി
കുഞ്ഞുമത്സ്യങ്ങൾ നീന്തിയടുത്തു.
അവ ഔമിക്ക് ചുറ്റും കൂടി.
പാട്ടു തീർന്നപ്പോൾ കുഞ്ഞുമത്സ്യങ്ങൾ
കൊഞ്ചിപ്പറഞ്ഞു
കൊഞ്ചിക്കൊഞ്ചിപ്പറഞ്ഞു.

“ഔമീ, പുന്നാരേ, തിമിംഗിലക്കുട്ടീ,”
“ഉം.”
“ഞങ്ങൾക്കൊരാശ.”
“എന്താ നിങ്ങളുടെ ആശ?”
“പറയട്ടെ?”
“ഉം.”



“പക്ഷികളെ കണ്ടിട്ടില്ലേ?”
“ഉണ്ട്.”
“പക്ഷികൾ കാണുന്നതുപോലെ ഞങ്ങൾക്കും ഉയരത്തിൽനിന്നുള്ള കാഴ്ചകൾ കാണണം.”

ഔമിക്ക് ചിരി വന്നു
“നീ വിചാരിച്ചാൽ നടക്കും, പ്ലീസ്.”
ഔമി ആലോചിച്ചു.





“എല്ലാവരും റെഡിയാണോ?
ഞാൻ പറയുന്നത് ശ്രദ്ധിച്ചുകേൾക്കണം.”
കുഞ്ഞുമത്സ്യങ്ങൾ സമ്മതിച്ചു.
“എന്നോടൊപ്പം മുകൾപ്പരപ്പിനടുത്തേക്ക് വരൂ.
ഞാൻ വെള്ളത്തിൽ അല്പം താഴും.
അപ്പോൾ നിങ്ങൾ എന്റെ മുതുകിൽ കയറണം.”
അവർ അങ്ങനെ ചെയ്തു
റെഡി വൺ, ടു, ത്രീ
അതാ ഔമി മുകളിലേക്ക് വെള്ളം ചീറ്റുന്നു.

വളരെ ശക്തമായി
വെള്ളം ഉയർന്നുപൊങ്ങി
ഒപ്പം കുഞ്ഞുമത്സ്യങ്ങളും.
പൂത്തിരി കത്തിച്ചിതറുന്നതുപോലെ
നാലുഭാഗത്തേക്കും കുഞ്ഞുതുള്ളികളും
കുഞ്ഞുമത്സ്യങ്ങളും ചിതറി.



സൂര്യപ്രകാശത്തിൽ രത്നങ്ങൾ
പോലെ അവ മിന്നിത്തിളങ്ങി.
വെള്ളപ്പൂത്തിരി! അദ്ഭുതപ്പൂത്തിരി!
"നീലവാനം നിറമേഘങ്ങൾ
വെയിലൊളി കാണൂ വേഗം.
കടലലമേലെ തുള്ളിച്ചാടി
കരയെ കാണൂ വേഗം."



കുഞ്ഞുമത്സ്യങ്ങൾ അദ്ഭുതക്കാഴ്ചകൾ കണ്ടു.
അതാ, താഴെ വെയിലിൽ തിളങ്ങുന്ന തിരകൾ!
നോക്കൂ, കരയിൽ പട്ടം പറത്തുന്ന കുട്ടികൾ!

....................................................................................

....................................................................................

## കടൽക്കരയിലെ കാഴ്ചകൾ

### ആകാശം

പലനിറം ചാലിച്ചുചേർത്തു വാനം
കടലിന്റെ ചിത്രം വരച്ചുവച്ചു
കടൽ പിന്നെ
അതു നോക്കിനോക്കി ഉള്ളിൽ
ആകാശചിത്രം വരച്ചുവച്ചു

### കാറ്റ്

കാട്ടുമരങ്ങൾതൻ പൂത്ത കൊമ്പിൽ
ഊഞ്ഞാലിലാടിയ കാട്ടുകാറ്റ്
തീരത്തു വന്നു കടൽക്കാറ്റിനൊപ്പം
പാറിപ്പറക്കുന്നു വാനിടത്തിൽ

### തിരകൾ

തിരകളെപ്പോലെ ചിരിച്ചുതുള്ളി
കുഞ്ഞുങ്ങളോടുന്നു കടലിലേക്ക്
കുഞ്ഞുങ്ങളെപ്പോൽ ചിരിച്ചുതുള്ളി
തിര തുള്ളിയെത്തുന്നു കരയിലേക്ക്

### കടൽത്തീരം

മാനത്തു പട്ടങ്ങൾ പലനിറത്തിൽ
വീർത്തുപൊങ്ങും ബലൂൺ പലനിറത്തിൽ

..............................................................................

..............................................................................

# വായിക്കൂ ചിത്രം വരയ്ക്കൂ

**കടലിരമ്പം**

കടൽത്തീരത്തിരുന്ന് കുട്ടി ചിത്രം വരയ്ക്കാൻ തുടങ്ങി. അമ്മയും കൂടെക്കൂടി. ചിത്രം മായ്ക്കാൻ തിരമാല എത്തി. “മായ്ക്കല്ലേ മായ്ക്കല്ലേ” കുട്ടി പറഞ്ഞു. “എന്റെ കൂടെ കളിക്കാൻ വന്നാൽ മായ്ക്കില്ല” തിരമാല പറഞ്ഞു. “എന്നാൽ തൊട്ടോടൽക്കളി കളിക്കാം. ഞാൻ കാലിൽ തൊടാൻ വരും. അപ്പോൾ നീ ഓടണം.” കുട്ടി തിരമാലയുടെ കൂടെ കളിക്കാൻ തുടങ്ങി. “നല്ല രസമുണ്ട്.” അമ്മയും കൂടെക്കൂടി. കളിച്ചുകളിച്ച് തിരമാല കുട്ടിയെ കുളിപ്പിച്ചു. കുട്ടി തിരമാലയോട് പിണങ്ങി. മുഖം വീർപ്പിച്ചു. “എന്താ പിണങ്ങിയെ?” “നീ എന്നെ ഉപ്പുവെള്ളത്തിൽ എന്തിനാ കുളിപ്പിച്ചത്?” തിരമാല പൊട്ടിച്ചിരിച്ചു. കുട്ടിക്ക് തിരമാല ഒരു സമ്മാനം കൊടുത്തു. വലിയൊരു ശംഖ്. അമ്മ ആ ശംഖ് കുട്ടിയുടെ ചെവിയോട് ചേർത്തുപിടിച്ചു. അപ്പോൾ കുട്ടി കടലിരമ്പം കേട്ടു.

**കടങ്കഥ**

കടലിൽ മുങ്ങി പൊന്നിൻ കിണ്ണം

..................................

കണ്ണില്ലെങ്കിലും കരയും

..................................

എന്റെ വക

.............................................................................................

.............................................................................................

**നടിക്കാം**

- കടൽത്തീരത്തുകൂടി നടക്കുമ്പോൾ തിര വരുന്നു (തൊട്ടോടൽക്കളി)
- മീൻവല വലിച്ചുകയറ്റുന്നു (ഏല ഏലമാലി)
- കടലിൽ തോണി തുഴയുന്നു
- പട്ടംപറത്തുന്നു
- മീൻ കുട്ടയിലാക്കി വിൽക്കുന്നു
- ഔമിയും
  മീൻകുഞ്ഞുങ്ങളും
  തമ്മിലുള്ള സംഭാഷണം



# ഏലാ ഏലമാലി

(ഒത്തുപാടാം)

ഏലാ ഏലമാലി
ഏലമ്മാ ഏല വന്ന്
എലമ്മാ ഏലമാലി
ഏലാ ഏല വന്ന്

ഒന്നാം തിര ഏലമാലി
തിരമുറിച്ചേ ഏലവന്ന്
വലയെറിഞ്ഞേ ഏലമാലി
വലവലിച്ചേ ഏലവന്ന്
അയല, ചാള, ചൂര, കോര,
നത്തോലി ഏലവന്ന്.

ഏലാ ഏലമാലി
ഏലമ്മാ ഏല വന്ന്
എലമ്മാ ഏലമാലി
ഏലാ ഏല വന്ന്





രണ്ടാം തിര എലമാലി
തിരമുറിച്ചേ ഏലവന്ത്
വലയെറിഞ്ഞേ ഏലമാലി
വലവലിച്ചേ ഏലവന്ത്
പരവ, കൊഞ്ച്, മോതമീന്,
ആവോലി ഏലവന്ത്
ഏലാ ഏലമാലി
ഏലമ്മാ ഏലവന്ത്
എലമ്മാ ഏലമാലി
ഏലാ ഏലവന്ത്

..............................................

..............................................

..............................................

..............................................

..............................................

..............................................

..............................................

# 16 ബലൂണുകളുടെ ഉത്സവം

ദൂരെ ദൂരെ ഒരു ദേശം.
ഹോഹോ എന്നാണ് ആ ദേശത്തിന്റെ പേര്.
ഹോഹോ ദേശത്ത്
ബലൂണുകൾക്കുമുണ്ട് ഉത്സവം.
ഉത്സവത്തിന് ഘോഷയാത്രയും.

"പ്രിയപ്പെട്ട നാട്ടുകാരേ,
ഇതാ ഈ വാഹനത്തിന് തൊട്ടുപിന്നാലെ
ഘോഷയാത്ര കടന്നുവരികയാണ്
അതിഗംഭീരമായ ഘോഷയാത്ര!
ബലൂണുകളുടെ ഘോഷയാത്ര!"



ആളുകൾ ഘോഷയാത്ര കാണാൻ
പാതയുടെ ഇരുഭാഗത്തും തിങ്ങിക്കൂടി.

കുഞ്ഞുങ്ങൾക്ക് ഉത്സാഹമായി.
അവർ രക്ഷിതാക്കളുടെ തോളിൽ കയറി നോക്കി.
"അതാ ഘോഷയാത്ര വരുന്നു."

"ഏറ്റവും മുമ്പിലായി
കൊമ്പു കുലുക്കി വമ്പുകാട്ടി
മുത്തുക്കുട ചൂടിയ
ആനബലൂണുകൾ."



"കണ്ടോ കരടിബലൂൺ
ചെണ്ട കൊട്ടുന്നത്?"
"കടുവബലൂൺ
കുഴൽ വിളിക്കുന്നു.

..................................................

..................................................

..................................................

..................................................

കുരങ്ങുബലൂൺ
ചാഞ്ചാടിയും
തലകുത്തി മറിഞ്ഞും
കുസൃതി കാട്ടുന്നു.
കുട്ടികൾ പൊട്ടിച്ചിരിച്ചു.

# താളം മേളം, വായ്ത്താരി



ഡിങ്കക ഡകഡക ഡിങ്കക ഡിണ്ടം

ഡിങ്കക ഡകഡക ..................................
ഡിങ്കക ഡകഡക ഡിങ്കക ഡകഡക

ഡിങ്കക ഡകഡക ..................................



ധിങ്ങണ്ണക്ക ധിങ്ങണ്ണക്ക ധിങ്ങണ്ണക്ക ധിണ്ണം
ധിങ്ങണ്ണക്ക ധിങ്ങണ്ണക്ക ധിങ്ങണ്ണക്ക ധിണ്ണം
ധിങ്ങണ്ണക്ക ധിണ്ണം ..................................................
ധിങ്ങണ്ണക്ക ധിങ്ങണ്ണക്ക ........................................

കൂട്ടുകാരെ
കണ്ടെത്തൽ



ജിഞ്ചില ജിലജില ജിഞ്ചില ജിലജില

ജിഞ്ചില ജിലജില ..................................

ജില ജില ജിഞ്ചം ജില ജില ജിഞ്ചം

ജിഞ്ചില ജിലജില ജിഞ്ചില ജിഞ്ചം





പെപ്പെര പെരപെര പെപ്പെര പെരപെര

.................................... ....................................

പെപ്പെര പെപ്പം  പെരപെര പെപ്പം

പെപ്പെര പെരപെര  പെപ്പെര പെപ്പം





വരിവരിയായി
നിരനിരയായി വരുന്ന
ബലൂണുകൾ.
ഘോഷയാത്രയ്ക്ക് പകിട്ട് കൂട്ടാൻ
കമാനബലൂണുകൾ ഉണ്ട്.
സഞ്ചരിക്കുന്ന കമാനബലൂണുകൾ.
അത് നാട്ടുകാർ ആദ്യം കാണുകയാണ്.

വാദ്യമേളങ്ങളുടെ താളത്തിൽ ചുവടുവച്ചു
പച്ചക്കറിബലൂണുകൾ വരുന്നു!
ഉരുണ്ടും ഉയർന്നും
മത്തങ്ങബലൂണുകൾ.





വളഞ്ഞും പുളഞ്ഞും
പടവലങ്ങബലൂണുകൾ.
അവ മുന്നോട്ടു ചാടിയും
പിന്നോട്ടു മറിഞ്ഞും
പലവിധ അഭ്യാസങ്ങൾ കാട്ടി.

ബലൂണുകളുടെ ഉത്സവം
വേറിട്ട രീതിയിലാണ്
അവസാനിക്കുക.
എങ്ങനെയായിരിക്കും? എഴുതൂ.

..............................................................................................

..............................................................................

.................................................................

...........................................................



കേരളത്തിലെ
ഉത്സവക്കാഴ്ചകളും
ആഘോഷങ്ങളും
കണ്ടല്ലോ.
ഇതിൽ നിങ്ങൾക്ക്
പരിചയമുള്ള
ഒന്നിനെക്കുറിച്ച്
കുറിപ്പ് എഴുതൂ.



..........................................................................................

..........................................................................................

..........................................................................................

..........................................................................................

..........................................................................................





## കഥ വായിക്കൂ അഭിനയിക്കൂ

**ആനയുടെ ചിരി**

കുട്ടികൾ ഉത്സവപ്പറമ്പിലൂടെ നടക്കുകയാണ്.
ആനയുടെ അടുത്തെത്തി.
"ആനേ, ആനേ ആനപ്പുറത്ത് കയറ്റാമോ?"

കുട്ടികൾ ചോദിച്ചു.
ആന അവരെ സൂക്ഷിച്ചുനോക്കി.
ആന മിണ്ടിയില്ല.
അത് കൊമ്പുകുലുക്കി വമ്പുകാട്ടി നിന്നു.
"ആഹാ കാണിച്ചുതരാം."
കുട്ടികൾ ഓടി. ബലൂൺവണ്ടിക്ക് അടുത്തെത്തി.
അവർ ഒരു സിംഹബലൂൺ വാങ്ങി.
ആനയുടെ മുന്നിലെത്തി.
സിംഹബലൂൺ ഉയർത്തിക്കാണിച്ച് ചോദിച്ചു.
"ആനപ്പുറത്ത് കയറ്റുന്നോ ഇല്ലയോ?"
ആനയ്ക്ക് ചിരി വന്നു.
പതുക്കെ ആന താണിരുന്നു.

ചിത്രകഥയാക്കാം.

ഈ കഥ ചിത്രകഥാരൂപത്തിലെഴുതാമോ?

## എന്റെ നാട്ടിലെ ഉത്സവവിശേഷങ്ങൾ

**കുറിപ്പ് എഴുതൂ.**

## പൂരം



കാട്ടിലെ കുട്ടിക്കുറുമ്പനാന
നാട്ടിലെ സ്കൂളിന്റെ മുന്നിലെത്തി
കുട്ടികൾ കൂട്ടമായ് ഓടിയെത്തി
ഉത്സവക്കാലമായ് സ്കൂളിലപ്പോൾ
ചെണ്ടയും മദ്ദളം, കൊമ്പി,ലത്താളവും
താളത്തിൽ മേളം തകർത്തുകൊട്ടി
തിന്തകത്തിന്തകത്തിന്തകത്തിന്തക
ത്തിന്തത്തരികിട യെന്നു ചെണ്ട
ജിഞ്ചിലം ജിഞ്ചിലം ജിഞ്ചിലം ജിഞ്ചിലം
ജിഞ്ചിലമെന്നിലത്താളമെണ്ണി
പെപ്പരപ്പെപ്പരപ്പെപ്പരപ്പെപ്പര
പ്പെപ്പരപ്പേയെന്നുകൊമ്പു ചൊല്ലി
ഡിങ്ങണ്ണം ഡിങ്ങണ്ണം ഡിങ്ങണ്ണം ഡിങ്ങണ്ണം
മദ്ദളം ശുദ്ധമായ് കേളികൊട്ടി
വൃദ്ധരും ബാലരും ആനയും നാടിൻ
സമൃദ്ധിയും ചേരുന്നു പൂരനാളിൽ
ചെണ്ടയും മദ്ദളം, കൊമ്പി,ലത്താളവും
ധിന്തത്തരികിടയെന്നു പൂരം





## കുറിപ്പുകൾ

# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1]**[പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി]** സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും;**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും;**

പദവിയിലും അവസരത്തിലും **സമത്വവും;** സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് **സാഹോദര്യം** പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

**നമ്മുടെ ഭരണഘടനാനിർമ്മാണസഭയിൽ** ഈ **1949** നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കു തന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

---

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക്" എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ് 2-ാം വകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം" എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).

# കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹ്യനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മിഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മിഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണ്ണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽനിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപൽക്കരമായ ജോലികളിൽനിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽ നിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

## നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.


*ബന്ധപ്പെടേണ്ട വിലാസം:*

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മിഷൻ**

ശ്രീ ഗണേഷ്, റ്റി.സി. 14/2036, വാൻറോസ് ജംങ്ഷൻ,

കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം – 34

ഫോൺ 0471 – 2326603

ഇ– മെയിൽ childrights.cpcr@kerala.gov.in, rte.cpcr@kerala.gov.in

വെബ്സൈറ്റ് : www.kescpcr.kerala.gov.in


ചൈൽഡ് ഹെൽപ്പ് ലൈൻ – 1098, ക്രൈം സ്റ്റോപ്പർ – 1090, നിർഭയ – 1800 425 1400

കേരള പൊലീസ് ഹെൽപ്പ് ലൈൻ – 0471 – 3243000/44000/45000

*online* ***R.T.E Monitoring : www.nireekshana.org.in***

# അക്ഷരമാല

## സ്വരങ്ങൾ

| | | | |
|---|---|---|---|
| അ | ആ | ഇ | ഈ |

| | | |
|---|---|---|
| ഉ | ഊ | ഋ |
| എ | ഏ | ഐ |
| ഒ | ഓ | ഔ |

അം അനുസ്വാരം അഃ വിസർഗം

## വ്യഞ്ജനങ്ങൾ

| | | | | |
|---|---|---|---|---|
| ക | ഖ | ഗ | ഘ | ങ |
| ച | ഛ | ജ | ഝ | ഞ |
| ട | ഠ | ഡ | ഢ | ണ |
| ത | ഥ | ദ | ധ | ന |
| പ | ഫ | ബ | ഭ | മ |

| | | | |
|---|---|---|---|
| യ | ര | ല | വ |

| | | |
|---|---|---|
| ശ | ഷ | സ |

ഹ

| | | |
|---|---|---|
| ള | ഴ | റ |